
# ഇ-ഗ്രാഫ് '24

## ജി എച്ച് എസ് എസ് ഉളിക്കൽ
## ലിറ്റിൽ കൈറ്റ്സ് 2022-25
## ഡിജിറ്റൽ മാഗസിൻ



# ഉള്ളടക്കം

1. ഇലഞ്ഞിപ്പൂക്കൾ 3
2. എന്റെ ഗ്രാമം 4
3. മഴയോർമ്മ 5
4. കാർമേഘം 7
5. കാറ്റ് 8
6. കോവിഡ് - 19 9
7. ചെമ്പരത്തി 10
8. പത്തുമണിപ്പൂക്കൾ11
9. പ്രകൃതി12
10. മഴ 13
11. വേനൽ മഴ 14
12. The moon is beautiful isn't it? 15
13. ചന്ദ്രഗ്രഹണം 16
14. ചാന്ദ്രദിനം 17
15. The Moon 18
16. നീലചന്ദ്രൻ 19
17. എന്റെ കൊറോണ കാലം 20
18. നിശബ്ദത എനിക്ക് ഇഷ്ടമല്ല 21
19. ചന്ദ്രൻ 22
20. മാനത്തെ കടങ്കഥകൾ 23
21. ബഹിരാകാശത്തേയ്ക്ക് ജീവനകൾ 24
22. Silent Love 25
23. കാലത്തിനൊപ്പം 'ലിറ്റിൽ കൈറ്റ്സ്' 26
24. [illegible] 27
25. എന്റെ ഭൂമി 28
26. നമ്മുടെ പ്രിയ ബാപ്പൂജി 29
27. बादल दानी 30
28. ഭാഷയുടെ പ്രാധാന്യം 31
29.ഇവർ പറയുന്നു... 32
30. ലിറ്റിൽ കൈറ്റ്സ് സ്വതന്ത്ര വിജ്ഞാനോത്സവം 33
31. प्रेम की परिभाषा 34
32. KIDNEY & HEART 35

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ :

അമർനാഥ് ഗംഗേശ്വർ

സബ് എഡിറ്റർ :

വൈഗ കെബി

ബോർഡ് അംഗങ്ങൾ :

ആൻമരിയ മാത്യു

സഫ പി പി

മുഹമ്മദ് ഷഫൽ കെ

ആദിത്ത് കൃഷ്ണ കെ എൽ

യെൽബിൻ ജോളി

# ആശംസ



ഉളിക്കൽ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

അഡ്വ. സജീവ് ജോസഫ്
MLA, ഇരിക്കൂർ

# ആശംസ



നമ്മുടെ ലിറ്റിൽ കൈറ്റ്സ് മക്കൾ ഇ ഗ്രാഫ് '24 എന്ന പേരിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു..

സുനിൽകുമാർ എം വി
ഹെഡ്മാസ്റ്റർ ഇൻ ചാർജ്

# ആശംസ



നൂതന കാലഘട്ടത്തിൽ വിദ്യാർത്ഥി സമൂഹത്തിന് വളരെ അത്യാവശ്യമായ, ഇൻഫർമേഷൻ ടെക്നോളജി അധിഷ്ഠിതമായ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും.

സുരേഷ് ബാബു പി
SITC


# ആശംസ



ഉളിക്കൽ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികൾ തയ്യാറാക്കിയ ഇ ഗ്രാഫ് എന്ന പേരിലുള്ള ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും...

നോബിൻ തോമസ് പി
ജോ. SITC

# ഇലഞ്ഞിപ്പൂക്കൾ



ഒരു മീനമാസത്തിലെ ചുട്ടു പൊള്ളുന്നവേനൽചൂടു താങ്ങാൻ ആകാതെ ആളുകൾ മരച്ചുവടുകളിൽ അഭയം തേടി. ഉണ്ണിക്കുട്ടനെയും കൂട്ടി അമ്മ, പറമ്പിലെ ഇലഞ്ഞിമരച്ചോട്ടിൽ പോയി ഇരുന്നു. വെയിൽ അറിയാനെ ഇല്ല. നല്ല തണൽ. തണുപ്പുള്ള തണൽ: അമ്മ ചോദിച്ചു: മോനറിയാമോ ഈ മരമേതാണെന്ന്? അവൻ പറഞ്ഞു: ഇലഞ്ഞി. തോട്ടടുത്തു നിൽക്കുന്ന മരത്തെ ചൂണ്ടിയും അമ്മ ചോദിച്ചു. അവൻ പറഞ്ഞു: ഞാവൽ. മിടുക്കൻ. അമ്മ അവനെ ചേർത്തു നിറുത്തി. ഈ രണ്ടു മരങ്ങളുടെയും പ്രത്യേകത എന്താ എന്നറിയാമോ? അവൻ അമ്മയെ നോക്കി. അമ്മ പറഞ്ഞു: ഇവ ഇല പൊഴിക്കാത്ത മരങ്ങളാണ്.. എന്നും നമുക്ക് തണൽ തരാനായി ഇല പൊഴിക്കാതെ എല്ലാ ചൂടും സഹിച്ച് നമ്മെ സഹായിക്കുന്ന നല്ല കൂട്ടുകാരാണീ മരങ്ങൾ. അതു കൊണ്ട് നമ്മളീ മരങ്ങളെ സ്നേഹിക്കണം ഇതു പോലെയാണ് അച്ഛനും, അമ്മയും. മക്കളെ അപ്പോഴും എല്ലാ ദുഃഖങ്ങളിൽ നിന്നും രക്ഷിക്കുന്ന വലിയ തണൽ മരങ്ങൾ... ഇലപൊഴിക്കാതെ എല്ലാം സ്വയം സഹിച്ച് മക്കളെ സംരക്ഷിക്കുന്ന വലിയൊരു വൃക്ഷമാണു മോനേ അച്ഛൻ... അവൻ അമ്മയുടെ കണ്ണുകളിലേക്കു നോക്കി. ആ കണ്ണുകൾ നിറഞ്ഞിരിക്കുന്നത്. അവൻ കണ്ടു. അച്ഛന്റെ കാര്യം പറയുമ്പോഴെല്ലാം അമ്മ കരയാറുണ്ടെന്ന് അവനോർത്തു. അമ്മയുടെ കണ്ണു തുടച്ചിട്ട് ആ മടിയിലേക്ക് ചാഞ്ഞു കിടന്ന് ഉണ്ണിക്കുട്ടൻ ഇലഞ്ഞി മരത്തന്റെ പടർപ്പിലേക്കു നോക്കി. പിന്നെ ആകാശത്തോക്ക് നോക്കി. അവിടെ അവൻ കണ്ടു. ഒരുപാട് ഇലഞ്ഞിമരങ്ങൾ... നിറയെ പൂത്ത മരഹ്ഹലി. ഒരു പാട് പക്ഷികൾ.... അവൻ അമ്മയോടു പറഞ്ഞു: എനിക്കും വലിയൊരു ഇലഞ്ഞിമരമാകണം.! എല്ലാവർക്കും തണുത്ത തണലു നൽകണം. അമ്മ അവനെ ഉമ്മ ക്കൊണ്ടു മൂടി. ഇതു കണ്ട ഇളം കാറ്റ അവരെ തഴുകി കടന്നു പോയി. ആ കാറ്റിന് ഇലഞ്ഞിപ്പൂവിന്റെ സുഗന്ധമായിരുന്നു .

# എന്റെ ഗ്രാമം

സേനാപതി എന്ന എന്റെ കൊച്ചു ഗ്രാമം പ്രകൃതി ഭംഗി കൊണ്ട് അനുഗ്രഹീതമാണ്. നിരവധി വിനോദ സഞ്ചാരകേന്ദ്രങ്ങളും ഉൾപ്പെടുന്നതാണ് എന്റെ ഗ്രാമം. രാജഭരണ കാലത് രാജാവിന്റെ സേനാധിപതി താമസിച്ചിരുന്ന സ്ഥലമായിരുന്നത് കൊണ്ടാണ് ഈ ഗ്രാമത്തിന് സേനാപതി എന്ന പേര് ഉണ്ടായത്. സുഗന്ധ വ്യഞ്ജനങ്ങളുടെയും നെൽ കൃഷിയുടെയും കലവറയാണ്. സേനാപതിയുടെ അനുഗ്രഹമായി പണിയാർ പുഴ ഒഴുകുന്നു. സാധാരണക്കാരും കൃഷിക്കാരും അധിവസിക്കുന്ന എന്റെ ഗ്രാമം പരസ്പര സാഹോദര്യം കൊണ്ട് സമ്പന്നമാണ്. മതമൈത്രിയുടെ മാതൃകയാണ് . സേനാപതി എന്ന ഈ കൊച്ചു ഗ്രാമം വികസനത്തിന്റെ പാതയിലൂടെ മുന്നേറികൊണ്ടിരിക്കുന്നു. കായിക പ്രതികളുടെ മനം കവർന്നു കൊണ്ട് എല്ലാ വർഷവും വോളിബോൾ മത്സരം അരങ്ങേറുന്നു.



# മഴയോർമ്മ

എന്നും പതിവു പോലെ അമ്പലത്തിൽ നിന്നുള്ള പാട്ട് കേട്ടാണ് ഞാൻ ഉണർന്നത് . എന്തൊരു മഴ,തകർത്തു പെയ്യുന്നു പുറത്തേക്ക് ഇറങ്ങാൻ വയ്യ.എങ്കിലും വീടും പരിസരവും വൃത്തിയാക്കി കുളിക്കഴിഞ്ഞ് വിളക്ക് വെച്ച് നാമജപം കഴിഞ്ഞു . സമയം ആറ് കഴിഞ്ഞു മഴ ഇതുവരെ തോർന്നിട്ടില്ല. എങ്ങനെ അമ്പലത്തിൽ പോകും.കണ്ണനെ ഒരു നോക്കു കാണാൻ ചന്ദനം ചാർത്തിയതും നല്ല ഭംഗിയുള്ള മാലകൾ ചാർത്തിയതും,കണ്ണന്റെ ആ സുന്ദരമായ രൂപം കണ്ടു തൊഴാൻ കഴിയില്ലല്ലോ ഈ മഴ കാരണം.സാരല്ല ഇനി വൈകീട്ട് പോകാം.എന്തായാലും നേരെ അടുക്കളയിലേക്ക് പോയി,അവിടെ അമ്മൂമ്മ ചായ ഉണ്ടാക്കി വെച്ചിരിക്കുന്നു.അത് എടുത്തു കുടിച്ചുകൊണ്ട് നിൽക്കുമ്പോൾ അമ്മൂമയുടെ ചോദ്യം,എടീ നിനക്ക് ഇന്ന് ഓഫീസിൽ പോകണ്ടേ.ഞാൻ പറഞ്ഞു,അമ്മമ്മേ മഴ കാരണം ഇന്ന് ഞാൻപോകുന്നില്ല.എങ്കിൽ നീ ഉണ്ടാക്കി കഴിക്ക് ഇതും പറഞ്ഞ് അമ്മമ്മ ചൂടുവെള്ളവുമായി കുളിക്കാൻപോയി.ഞാൻ ദോശയും ചമ്മന്തിയും ഉണ്ടാക്കി കഴിച്ചു.ഇതെല്ലാം കഴിഞ്ഞു ഉമ്മറത്ത് വന്ന് ഇരുന്നു.മഴ സംഹാരതാന്ധവമാടുകയാണ് . ചെറിയ കാറ്റടിച്ചപ്പോൾ തണുപ്പ് , ഞാൻ അകത്തു പോയി ഒരു പുതപ്പ് എടുത്ത് കൊണ്ട് വന്ന് പുതച്ചുകൊണ്ട് അങ്ങനെ ഇരുന്നു.പതിയെ പതിയെ



പഴയ കുട്ടിക്കാലം ഓർമ്മ വന്നു.എന്തു രസമായിരുന്നു ആ കാലം മഴയത്ത് ഓടി നടന്നിരുന്ന കാലം. തുമ്പികളെയും പൂമ്പാറ്റകളെയും കാണാൻ തന്നെ നല്ല ഭംഗിയായിരുന്നു ഇന്ന് അവയെല്ലാം പേരിനു മാത്രമായി. വിശാലമായ പാടത്ത് കിളികളും പലവിധ ശബ്ദങ്ങൾ മനസ്സിനെ സന്തോഷിപ്പിക്കുമായിരുന്നു. വൈകുന്നേരം കുട്ടികൾ കൂട്ടായി എത്തി കളികളിൽ മുഴുകുന്നു. ശരിയാണ് കുറച്ച് സമയം വെറുതെ ഇരുന്നു ഒന്നു ചിന്തിച്ചു നോക്കിയാൽ നമുക്കറിയാം ഇന്നെത്രത്തോളം മാറിയിരിക്കുന്നു. ഇന്ന് ഒന്നിച്ചുള്ള കളികൾ ഇല്ല,പ്രകൃതിയെ സ്േനഹിക്കുന്നില്ല,സൗഹൃദം ഇല്ല.ഇന്ന് എല്ലാംവിരൽ തുമ്പിലെ ഫോണിൽ മാത്രമായി. അന്ന് എല്ലാവരെയും എല്ലാവർക്കും നല്ല പരിജയം.എല്ലാ വിശേഷങ്ങൾക്കും ഒത്തുകൂടുന്ന അയൽക്കാർ

എത്രസുന്ദരമായ കാലഘട്ടമാണ് നഷ്ടമായത്. ഇന്ന് ആർക്കും സമയമില്ല .കുട്ടികളെപ്പോലും മയക്കമരുന്ന് നൽകി ഭാവിയുടെ തലമുറകളെ ഇല്ലാതാക്കുന്ന കാട്ടാളൻമാരുടെ ലോകം. ഭയം തോന്നുന്ന ഉള്ളിൽ ഈ തലമുറയെ ഓർത്ത് അങ്ങനെ ചിന്തയിൽ മുഴുകിയ എന്നെ ഉണർത്തിയത് അപ്പൂപ്പന്റെ വിളിയാണ് .നീ ഈ തണുപ്പത് ഇരിക്കാതെ അകത്തുപോയി ഇരിക്ക് .കാലം തെറ്റിയ മഴയാണ് പനി പെട്ടന്ന് വരാൻ അനുമതി .ശരിയാണ് പണ്ട് എത്ര മഴ നനനഞ്ഞിരിക്കുന്ന .പനി അങ്ങനെ വരില്ല .വന്നാലോ ഒരു ചുക്കുകാപ്പി ഇട്ടു കുടിച്ചാൽ ഒന്ന് വിയർത്തുപോയിരുന്ന പനി .ഇന്നെത്രദിവസം കഴിഞ്ഞാലും മാറില്ല .എന്തെല്ലാം അസുഖങ്ങൾ ആണ് ഇന്ന് നമ്മൾ നമ്മളുടെ പ്രകൃതിയെ ചൂഷണം ചെയ്തതുകൊണ്ടല്ലേ ഇതെല്ലം. ഇപ്പോളാണ് മഹാന്മാർ എഴുതിയ വരികൾ ശരിയാണ് .ശാസ്ത്രം ജയിച്ചു മനുഷ്യർ തോറ്റു.അങ്ങനെ ഓരോന്ന് ആലോചിച്ച ഇരുന്ന് സമയം പോയതറിഞ്ഞില്ല . അകത്തുനിന്നു അമ്മൂമ്മയുടെ ഉറക്കെയുള്ള ശബ്ദം .ഉച്ചക്ക് എന്തെങ്കിലും കഴിക്കേണ്ടേ നീ അടുക്കളയിലേക്കു വാ ഒന്ന് സഹായിക് പെണ്ണേ. എന്റെ ഓർമകൾ ഇല്ലാതാക്കിയതിന്റെ നേരിയ പരിഭവവും ജോലി ചെയ്യാനുള്ള മടി കാരണം കൊഞ്ചിക്കൊണ്ടു ഞാൻ അടുക്കളയിലേക്കു പോയി.അവിടെ പാതകത്തിൽ കയറിയിരുന്ന് ചിരണ്ടിവെച്ച തേങ്ങ ഒരുപിടി വാരി വായിലിട്ടതും ഒരു നുള്ളു നൽകി അമ്മമ്മ മനുഷ്യൻ ഇവിടെ വയ്യാതെ ചിരണ്ടിയതാണ് നിനക്കു തിന്നാൻ അല്ല. പെട്ടന്ന് ചുറ്റിപിടിച്ചു അമ്മൂമ്മക് ഒരു ഉമ്മയും നൽകി ഞാനും അമ്മൂമ്മയും പണിയിലേക് മുഴുകി.

# കാർമേഘം

എൻ കാർമേഘമേ..
ഇയ്യുള്ളവൾ ഒരു കാര്യം
ചോദിക്കട്ടെയോ !?
ഇയ്യുള്ള കാലമത്രയും
മഴയത്ത് ഭൂമിയിൽ പതിഞ്ഞ്
വീണതെല്ലാം
നിൻ കണ്ണുനീർ തുള്ളികളാണോ !
അല്ലയോ , എൻ കാർമേഘമേ ....
നിൻ മിഴികളിൽ നിന്ന്
ഉതിന്ന് വീണ
കണ്ണുന്നീർ തുള്ളികളെയാണോ !
ഞങ്ങൾ മഴയെന്ന
പേര് ചൊല്ലി വിളിക്കുന്നത് !?
ദു:ഖത്തിൽ തോണി നീ
തുഴയുമ്പോഴാണോ
നിൻ വെളുപ്പം മേനി
കറുപ്പായി രൂപാന്തരപ്പെടുന്നത് !?
നിൻ ദു : ഖം അണപ്പൊട്ടി
വീഴുന്ന വേളയാണോ
ഞങ്ങൾ വർഷകാലമാണ്
വിശേഷിപ്പിക്കുന്നത് !?




# കാറ്റ്

മുല്ലപ്പൂ തല്ലിക്കൊഴിച്ച കാറ്റേ
കള്ളനെപ്പോലെ മറഞ്ഞ കാറ്റേ
നിന്മുഖം കാണുവാനെത്ര നാളായ്
ഉമ്മറത്തിണ്ണയിൽ ഞാനിരിപ്പൂ
എങ്ങുമേ കാണുവാനില്ല
ഉമ്മ വെയ്ക്കുന്ന നീയെൻ കവിളിൽ
ഒന്നെന്റെ കണ്മുന്നിൽ വന്നുകൂടെ
ഒന്നിച്ചോരല്പം കളിച്ചുകൂടേ.....



# കോവിഡ് - 19



ലോക ജനതയെ തീരാ ദുരിതത്തിലേക്ക് തള്ളിയിട്ട മഹാമാരിയാണ് കോവിഡ് - 19 എന്ന കൊറോണ വൈറസ് . ചൈനയിലെ വുഹാനിലാണ് ഇതിന്റെ ഉത്ഭവം.അവിടെയുള്ള ലക്ഷകണക്കിന് ജനങ്ങളുടെ ജീവനെടുത്തു ഈ മഹാമാരി. അതിവേഗത്തിൽ ലോകം മുഴുവൻ ബാധി-ച്ചു.ഇതിനെതിരെ കൃത്യമായ ഒരു വാക്സിൻ കണ്ടെത്താൻ ഇതുവരെ നമുക്ക് സാധിച്ചിട്ടില്ല. സാധാരണ പനിയിൽ നിന്ന് മനുഷ്യനെ മരണത്തിലേക്ക് ഈ വൈറസ് കൊണ്ടെത്തിക്കുന്നു.ഈ വൈറസ് പിടിപ്പെട്ടു കഴി - ഞ്ഞാൽ നാം മറ്റുള്ളവരിൽ നിന്നും അകലംപാലിക്കണം.ദിവസങ്ങളോളം നിരീക്ഷണത്തിൽ കഴിയേണ്ടി വരും.സ്കൂളുകളും കോളേജുകളും അടഞ്ഞു കിടക്കുന്നു.ഒരുപാട് പേരുടെ തൊഴിൽ നഷ്ടപ്പെട്ടു. ജീവിക്കാൻ നിവൃത്തിയില്ലാതെ ജനങ്ങൾ ജീവനെടുക്കുന്നു.ആരോഗ്യം പ്രവർത്തരുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾക്കനുസരിച്ച് സാമൂഹിക അകലം പാലിച്ചും മാസ്ക് ഉപയോഗിച്ചും രക്ഷാപ്രവർത്തനങ്ങൾ ചെയ്തും മുന്നോട്ടു പോവുകയാണെങ്കിൽ ഒരു പരിധി വരെ ഈ വൈറസിനെ കൂടുതൽ ജനങ്ങളിലേക്ക് പടരാതെ തടയാൻ നമുക്ക് സാധിക്കും.






# ചെമ്പരത്തി



മുടിയിൽ ചൂടാൻ മുല്ലപ്പൂവും റോസപ്പൂവും ഇറുത്തെടുക്കുന്നത് ചെമ്പരത്തിപ്പൂവ് നിരാശയോടെ നോക്കി നിന്നു. പുറത്തേക്കുപോയ പെൺകുട്ടികളുടെ മുടിയിലിരുന്ന മുല്ലപ്പൂവും റോസപ്പൂവും തന്നെ നോക്കിച്ചിരിച്ചതിൽ ഒളിഞ്ഞിരുന്ന പരിഹാസം ചെമ്പരത്തിപ്പൂവ് തിരിച്ചറിഞ്ഞു. ഇതു കണ്ട ചെടിപറഞ്ഞു. മോളെന്തിനാ വിഷമിക്കുന്നത് ? ഇതു പഴയ കാലമല്ല നമ്മുടെ എത്ര ഇനങ്ങളാ തോട്ടത്തിലുള്ളതെന്നു നോക്കിക, ചുവപ്പും, മഞ്ഞയും, വെള്ളയും. പിന്നെ കുട്ടച്ചെമ്പരത്തി എത്ര നിറങ്ങളിലാ. ദേ തട്ടു തട്ടായി പൂവുണ്ടാകുന്ന ആ അപൂർവ്വയിനം അങ്ങനെ പത്തോളം ഇനം. നമ്മളല്ലെ തോട്ടം മുഴുവൻ. മുല്ലയുടെയും, റോസയുടെയും പൂവുമാത്രമെടുക്കുമ്പോൾ നമ്മുടെ പൂവും, മൊട്ടും, ഇലയും, വേരും എല്ലാം ഔഷധമല്ലെ? എണ്ണകാച്ചാനും, താരൻ മാറാൻ താളിയുണ്ടാക്കാനും എല്ലാം നമ്മൾ വേണ്ടേ? പൂജയ്ക്ക് അവരെ സാധാരണ എടുക്കാറില്ലല്ലോ അവിടെയും നീയാണു മുന്നിൽ. ക്ഷേത്രത്തിൽ നിന്ന് മടങ്ങിയെത്തിയ മുത്തശ്ശന്റെ ചെവിക്കിടയിൽ തിരുകിയ തുളസിയിലയ്ക്കൊപ്പം ചെമ്പരത്തിപ്പൂവിന്റെ ഇതൾ കണ്ട അവൾക്ക് സന്തോഷമായി. അമ്മ വീണ്ടും ഒന്നുകൂടി ഓർമ്മിപ്പിച്ചു. നിന്നെ ആരും മുടിയിൽ ചൂടില്ല എന്ന ഒരു വ്യത്യാസമെ ഉള്ളൂ. ഒരു കണക്കിൽ അതൊരു കുറവല്ല മോളേ നൻമയാണ്. അവൾ അമ്മയെത്തന്നെ നോക്കി നിന്നു.


# പത്തുമണിപ്പൂക്കൾ



പൂന്തോട്ടത്തിലെ ചെമ്പകത്തിൻ ചില്ലയിയൽ തൂക്കിയ പൂച്ചട്ടിയിലെ പത്തുമണി ച്ചെടി നിറയെ പൂത്തതു കണ്ട അയാൾ വാച്ചിലേക്ക നോക്കി . സമയം കൃത്യനിഷ്ഠ ! പൂക്കളെ തന്നെ നോക്കിനിന്ന് അയാൾ പറഞ്ഞു. "എന്തൊരു ഭംഗിയാണ് നിന്നെക്കാണാൻ ... ഒരു ചട്ടിയി - ൽത്തന്നെ എത്രയിനം പൂക്കൾ" അയാൾ പൂക്കളെ തൊട്ടുതലോടി. അപ്പോഴാണ് ആ പൂവ് ശ്രദ്ധിച്ചത്. ഇന്നലെ വരെ കാണാത്ത ഒരു കളർ. മഞ്ഞയു, ചുവപ്പും, നീലയും എല്ലാം ചേർന്ന ഒരു നിറത്തിൽ ഏതാനും പൂക്കൾ! അയാളുടെ മുഖത്തെ സന്തോഷവും ആശ്ചര്യവും കണ്ട ചെടികൾക്ക് സന്തോഷത്തോടൊപ്പം അഭിമാനവും. അന്ന വൈകുന്നേരം തോട്ടത്തിലെത്തിയ അയാൾ നാലു മണിപ്പൂക്കൾ വിടർന്ന നിൽക്കുന്ന ചെടികൾക്കരികിലെത്ത. അയാളപ്പോഴും വാച്ചിൽ നോക്കി. കൃത്യം നാലു മണി... സമയനിഷ്ഠയിൽ ചെടികൾ കാട്ടുന്ന കൃത്യത അയാൾക്ക് അതിശയമായിരുന്നു. ആരായിരിക്കും ഇവരെ സമയനിഷ്ഠ പഠിപ്പിച്ചത്? അയാൽ വെരുതെ ഓർത്തു. വാടിത്തുടങ്ങിയ തന്റെ പൂക്കളെ ഗൗനിക്കാതെ ഇപ്പോൾ പൂത്ത നാലുമണിപ്പൂക്കളെ ലാളിക്കുന്നതു കണ്ട പത്തമണിച്ചെടിക്കു സങ്കടം വന്നു. രാവിലെതന്നോടെന്തെല്ലാം പറഞ്ഞതാ. താൻ സമ്മാനിച്ച പുതിയ നിറമുള്ള പൂക്കൾ കണ്ട അത്ഭുതപ്പെട്ടതല്ലേ? എന്നിട്ടിപ്പോൾ... ഓർക്കുംതോറും സങ്കടം കൂടിവന്നു. അവൾ ഓർത്തു. നാളെ പത്തുമണിആകുമല്ലോ ലാളിക്കാൻ ഇങ്ങു വരട്ട്......! മിണ്ടില്ല ഞാൻ...

# പ്രകൃതി

പ്രകൃതി നീ ഒരു മായാജാലം
ചിലപ്പോൾ ചിരിക്കും.....
ചിലപ്പോൾ കരയും.....
മഴയിൽ കുതിർന്ന നീ....
പച്ചപ്പട്ടണിഞ്ഞു നിൽക്കും
കൊടും വേനലിൽ നീ....
ഇ ഉനീരിനായ് കേയും,
എ ഇല്ലും പ്രകൃതി
നിന്നിലെ കാഴ്ചകൾ
ഓരോ ദിനവും കൗതുകമായ്..



# മഴ

നൊമ്പരമെഴുതിയ
മഴയെ......
എത്ര നി വേദന
തന്നുവെന്നാലും
പ്രണയിച്ചു
പോയില്ലെ നിന്നെ
ഞാൻ മഴയെ....
പ്രണയിച്ചീടും ഞാൻ
ഇനിയുള്ള കാലവും
നിൻ മഴത്തുള്ളി
കിലുക്കമാണിപ്പഴും
എൻ ഇടനെഞ്ചിൻ
ഹൃദയതാളം



# വേനൽ മഴ

വേനൽ മഴ
ഉറങ്ങു പോയ
ഊഷരഭ്രുവിൽ
ഊഷ്മളമായൊരു
ഗാഢാശ്ലേഷം ..
ഞെട്ടിത്തെറിച്ച
സിരകളെ വീണ്ടും
ചുംബിച്ചുണർത്തി
പരിദേവനങ്ങളുടെ
പരിസമാപ്തിയായ് ,
വരണ്ടുണങ്ങിയ
ഹ്രദയാന്തരാളങ്ങളിൽ
നീരരവ പൊലെയീ
മഴത്തുള്ളികളുടെ
കരലാളനം .



# The moon is beautiful isn't it?

ചന്ദ്രൻ ചെറിയ കുട്ടികളുടെ അമ്മാവാൻ അമ്പിളി അമ്മാവാൻ മനോഹരമായി പ്രകാശം പൂരിതമായി പൂനിലാവിൽ കുളിച്ചു നിൽക്കുന്ന ചാന്ദ്രൻറ ഭംഗി ആസ്വദിക്കാൻ എല്ലാവർക്കും വളരെ ഇഷ്ടമാണ്. ചന്ദ്രൻറ മനോഹാരിതയെ പലരീതിയിൽ വളരെ ഭംഗിയായി വാർണ്ണിക്കുന്ന “The moon is beautiful, isn't ? എത്ര മനോഹരമായ മാക്യമാണ് "ചന്ദ്രൻ മാനോഹരമാണ്,അല്ലേ ?” എന്നതാണ് മലയാളത്തിൽ എന്നതാണ് മാലയാളത്തിൽ അർതഥം. എന്നാൽ Japanese-ൽ നിന്നുമെടുത്ത ഈ മനോഹരമായ വാക്യത്തിന്റ അർതഥം I love you എന്നാണ് ഒരാളോട് തൻറപ്രണയം അറിയിക്കാൻ Japanese-ൽ കാവ്യാത്മകമായി ഉപയോഗിക്കുന്ന വാക്യമാണ്.

The moon here symbolizes the love im a comfortable and joyful lite in spite of their prolonged separation, their lasting love grows bigger and bigger, again, like the moon waxing and, their hearts are full of love, like a full moon.




# ചന്ദ്രഗ്രഹണം

സൂര്യപ്രകാശത്തിൽ നിന്നുമുള്ള ഭൂമിയുടെ നിഴൽ പതിക്കുന്നതാണ് ചന്ദ്രഗ്രഹണം എന്നു പറയുന്നത്. സൂര്യമർനും ഭൂമിയും ചന്ദ്രനും നേർ രേഖയിൽ വാരുമ്പോഴാണ് ചന്ദ്രഗ്രഹണം സംഭവിക്കുക. ഇത്തരം സന്തർഭത്തിൽ ഭൂമി ചന്ദ്രനും സൂര്യനും മറ്റോരു തരത്തിൽ പറഞ്ഞാൽ ഭൂമിയെ പ്രദിക്ഷിണം ചെയ്ത്തുകൊണ്ടിരുക്കുന്ന ചന്ദ്രൻ ഭൂമിയുമായുള്ള ദിശയിൽ സൂര്യനു നേരെ എതിർദിശയിൽ വരുമ്പോഴാണ്ചന്ദ്രഗ്രഹണം ഉണ്ടാവുക.



# ചാന്ദ്രദിനം

ചാന്ദ്രദിനം ,ചാന്ദ്രദിനം
ജൂലൈ ഇരുപത്തിഒന്നിനല്ലോ
ചന്ദ്രനിലാദ്യമായി കാൽപ്പാദം വെച്ചത്
നിലാംസ്റ്റോങ്ങല്ലോ
ഇന്ത്യയുടെ ചാന്ദ്ര പര്യവേക്ഷണം
ചന്ദ്രയാൻ ഒന്നല്ലോ
ഇന്ത്യൻ ബഹിരാകാശപദ്ധതി തൻ കേന്ദ്രം
ഐ എസ് ആർ ഒ അല്ലോ
ബഹിരാകാശ യാത്ര അദ്യം നടത്തിയത്
യൂറിഗഗാറിനല്ലോ
രാഗേഷ് ശർമയും കല്പനചൗളയും
ഇന്ത്യൻ യാത്രികരല്ലോ
റഷ്യയുടെ അദ്യ കൃത്രിമോപഗ്രഹം
സ്ട്നിക് ഒന്നല്ലോ
ആദ്യം മനുഷ്യനെ ചന്ദ്രനിലെത്തച്ചത്
അപ്പോളോ-11 ല്ലോ.



# The Moon



The moon is the only natural satellite of the planet Earth. It rotates on its axis in the same amount of time as the Earth, so only one side of the moon is visible when viewed from Earth. The lunar surface is full of craters caused by the impact of asteroids, comets and meteors. Some of the meteors also contained traces of water Earth and moon have various physical influences on each other. In the Early period moon was thought to be a part of the Earth that had been thrown away by the Earths centrifugal force. This theory is known as fission hypothesis. The major feature of the moons Gravitational field is the increase in gravitational field associated with larger craters and pores. These increments are known as mascots. The invention of the telescope brought lunar observations and all the studies of the surface of the moon and also all other planets and Galaxies.

# നീലചന്ദ്രൻ

നീലത്താമര പൂത്തല്ലോ
നീല ചന്ദ്രനുദിച്ചല്ലോ
നീല നീലാ ചേലയുടുത്തല്ലോ വാനം
നീല നിറ ചേലയുടുത്തല്ലോ വാനം
നീയും ഞാനും കാണുമ്പോൾ
നീയൊരു പൂവായി വിടരുമ്പോൾ
നീലാക്കശം വാച്ചൂടിയ
നീലത്താരക മലരുകളെല്ലാം
നമ്മെ നോക്കി തമ്മിൽ തമ്മിൽ
ചിമ്മി ചിമ്മി ചിരിക്കുന്നു
നമ്മെ നോക്കി മിഴി
ചിമ്മി ചിമ്മി ചിരിക്കുന്നു



# എന്റെ കൊറോണ കാലം



കഴിഞ്ഞ ഒന്നര വർഷക്കാലം കൊറോണ ഏൽപ്പിച്ച പ്രഹരം അതിഭയനകമാക്കി. എല്ലാവരെയും പ്രയാസപ്പെടുത്തി. വിദ്യാലയങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ ഒറ്റപ്പെടുത്തി. വിദ്യാർത്ഥികളും അധ്യാപകരും തമ്മിലുള്ള ബന്ധം ഓർമകളായി മാറി. ആർക്കും വീട് വിട്ട് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയായി. ഇന്ത്യയിൽ കോവിഡ് ആദ്യമായി സ്ഥിതീകരിച്ചത് നമ്മുടെ കൊച്ചു കേരളത്തിലായിരുന്നു. മാസ്ക് ധരിക്കുക, സാമൂഹ്യ അകലം പാലിക്കുക എന്നിവ നമ്മുടെ ജീവിതത്തിന്റെ ഭാഗമായി കഴിഞ്ഞു. സ്കൂളിൽ പോകാതെ കൂട്ടുകാരെ കാണാതെ വീട്ടിലിരുന്ന് മടുത്തു. ബന്ധുക്കളുടെ വീടുകൾ സന്ദർശിക്കുന്നതും, അവരുമായി സമയം ചെലവഴിക്കാൻ ആഗ്രഹിച്ചിരുന്നതും കോവിഡ് കാരണം തടസ്സമായി. സ്കൂൾ ക്ലാസുകളെല്ലാം ഓൺലൈൻ തടവറയിൽ അകപ്പെട്ടു. ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നുണ്ടെങ്കിലും അധ്യാപകരെയും കൂട്ടുകാരെയും കാണാൻ സാധിക്കാത്തത് ഒരു നഷ്ടമായിരുന്നു. കൂട്ടുകാരുടെയൊപ്പം ഉള്ള ആർത്തുചിരിയും ഓർമകളായി മാറി. ഈ സന്ദർഭത്തിൽ പുസ്തകങ്ങളും വീട്ടുകാരും മാത്രം കൂട്ടുകാരായി. പുസ്തകങ്ങളിലൂടെയും കലാവാസനയിലൂടെയും അല്പം കൃഷിയിലൂടെയും സമയം വിനിയോഗിച്ചു. ഇടയ്ക്ക് പുറത്ത് പോകുമ്പോൾ സാനിറ്റയിസർ കൂടെ കരുതി, തിരികെ വീട്ടിൽ എത്തുമ്പോൾ സോപ്പ് ഉപയോഗിച്ച് കൈകൾ വൃത്തിയാക്കലും ഒരു ശീലമായി. മാതാപിതാക്കളുടെ സഹായത്തോടെ ഒരു പച്ചക്കറിതോട്ടം നാട്ടുവളർത്തി. പ്രകൃതിയെ കൂടുതൽ അടുത്തറിയാൻ സാധിച്ചു. ഈ കോവിഡ് കാലത്തെ എനിക്ക് തോന്നിയ നന്മ കുടുംബങ്ങളോട് ഒത്ത് സമയം ചെലവഴിക്കാൻ കഴിഞ്ഞു എന്നുള്ളത് മാത്രമാണ്.

ഭയമല്ല ജാഗ്രതയാണ് വേണ്ടത്

# നിശബ്ദത എനിക്ക് ഇഷ്ടമല്ല

ലജ്ജയാണ്, മരവിപ്പും!
ഈ സമൂഹമെത്ര
നെറികേടിലാണ്...!
ആർത്തവത്തിന്റെ ചുവപ്പിനെ
ആചാരവും അനുഷ്ഠാനവുമാക്കി
ഇരുട്ടിന്റെ മുറിയിലിട്ടു പൂട്ടുന്നവർ!

ഇഷ്ടമുള്ള വസ്ത്രത്തിനു മുന്നിലൊരു
നോക്കുകുത്തിയാക്കി
കൈയ്യിതു കാണിക്കരുതെന്നും,
കാലതു മറയ്ക്കണമെന്നും
ആക്ഷേപിക്കുന്നവർ...
നീയൊരു പെണ്ണല്ലേ
അവനൊരാണല്ലേയെന്ന്
പരിധിവിട്ട് ശാസിക്കുന്നവർ...




എന്നാൽ ഇനി ഒന്നു
ചെവി കൊടുക്കൂ...
എനിക്കു നിശബ്ദത ഇഷ്ടമല്ല
ഇരുട്ടിൽ മറയാനോ പകലിൽ ഒളിക്കാനോ
എനിക്കിഷ്ടമല്ല...
രാത്രിയുടെ നിഴലിൽ, നിശബ്ദതയിൽ
ഇരുട്ടിലൊരു താരമാവാനാണെനിക്കിഷ്ടം...
നീതിയുടെ പടവിൽ, കാലിടറിയവർക്ക്,
സ്വർഗത്തിൽ മാലാഖയായവർക്ക്
ഒരു ജ്വാലയാവാനാണെനിക്കിഷ്ടം

നിഴലിന്റെ ചതിയായി, കഴുകനൊരു ഇരയാവാണോ
എനിക്കാഗ്രഹമില്ല..
പെണ്ണായി ജനിച്ചാൽ,
അവളായി പ്രതികരിക്കാനാണെനിക്കിഷ്ടം
ഇനിയൊന്നു കേട്ടോളൂ

**"നിശബ്ദത എനിക്കിഷ്ടമല്ല"...**

# ചന്ദ്രൻ

നിന്റെ വെള്ളി വെളിച്ചത്താൽ
എങ്ങനെ നിനക്ക്, എപ്പോഴും
തിളങ്ങി നിൽക്കാൻ കഴിയുന്നു...?
നിന്റെ പലതരത്തിലുള്ള രൂപത്താൽ
നീ രസിപ്പിക്കുന്നേവരെയും...
കുട്ടികളുടെ അമ്പിളിമാമനായി
നീ മാറിയതെങ്ങനെ?
ഇരുട്ടാകുന്ന രാത്രിയിൽ നീ എങ്ങനെ
തനിച്ച് നിക്കുന്നു...?
നിന്റെ തിളക്കം കൊണ്ട് നീ
എല്ലാവർക്കും പ്രകാശവും സന്തോഷവും നൽകുന്നു...
നിനക്ക് സംസാരിക്കാനാവുമായിരുന്നെങ്കിൽ,
ഇങ്ങനെ എത്ര എത്ര ചോദ്യങ്ങൾക്ക് നീ,
ഉത്തരം നൽകേണ്ടിവരുമായിരുന്നു...



# മാനത്തെ കടങ്കഥകൾ

© ആയിരം കുറിയരി അതിലൊരു നെടിയരി
® ചന്ദ്രനും നക്ഷത്രങ്ങളും
© ആയിരം പറ അവലിൽ ഒരു തേങ്ങ പൂള്
® ചന്ദ്രൻ
© വെള്ളത്തിൽ ഒരു വെള്ളി കിണ്ണം
® ചന്ദ്രക്കല
© നാഴരി ചാലുകൊണ്ട് നാടാകെ കല്യാണം
® നിലാവ്
© നിലയില്ലാകായലിൽ തുഴയില്ലാതോടുന്ന കൊച്ചുതോണി
® ചന്ദ്രക്കല
© കരയില്ലാകടലിൽ കൊച്ചോടം തുഴയില്ലാതോടുന്ന കൊച്ചോടം
® ചന്ദ്രൻ
© രാത്രി രാജാവിനെ പകൽ വന്നാൽ വിഴുങ്ങി
® സൂര്യൻ വന്നാൽ ചന്ദ്രനെ കാണില്ല
© ഇന്നലെ കണ്ടപ്പോൾ വെള്ളി പാത്രം ഇന്ന് നോക്കിയപ്പോൾ തേങ്ങ പൂള്
® ചന്ദ്രൻ
© ഒരു പറ അരിയും പപ്പടവും
® ചന്ദ്രനും നക്ഷത്രങ്ങളും
© ഓടുമ്പോൾ കൂടെയോടും നിൽക്കുമ്പോൾ കൂടെ നിൽക്കും
® ചന്ദ്രൻ
© വെള്ളമില്ലാത്ത ആഴിയിൽ ആളില്ലാത്ത വള്ളം
® ചന്ദ്രൻ
© കയ്യിൽ കിട്ടാത്ത വെള്ളി പാത്രം
® ചന്ദ്രൻ
© വലിയപറമ്പിൽ ഒരു വെള്ളിപാത്രം
® ചന്ദ്രൻ
© വില്പനയിൽ ഇല്ലാത്ത വെള്ളി പാത്രം
® ചന്ദ്രൻ
© മാനത്തൊരു തേങ്ങാപൂള്
® ചന്ദ്രൻ
© കുറ്റിക്കാട്ടിൽ ഒരു കൊയ്ത്തരിവാൾ
® ചന്ദ്രൻ




# ബഹിരാകാശത്തേയ്ക്ക് ജീവനുകൾ

ജീവികളിൽ ഉണ്ടായേക്കാവുന്ന വിവിധ ജൈവപ്രക്രിയകളും സൂക്ഷ്മ ഗുരുത്വാകർഷണവും ഫലങ്ങളും മറ്റും അറിയാൻ മനുഷ്യന്റെ ബഹിരാകാശ യാത്രയ്ക്കു മുൻപേ ജീവജാലങ്ങളെ ബഹിരാകാശത്തേക്ക് അയച്ചിരുന്നു. അമേരിക്കയും റഷ്യയും ഇതിനായി പല പര്യവേഷണങ്ങൾ നടത്തി. കുരങ്ങുകൾ, നായ്ക്കൾ, പൂച്ചകൾ, മത്സ്യം, ആമകൾ, എലികൾ, മുയലുകൾ, തവളകൾ, ചിലന്തികൾ, കാടമുട്ടകൾ, പ്രാണികൾ എന്നിവയും ഉൾപ്പടെ വൈവിധ്യമാർന്ന പല ജീവികളെയും ബഹിരാകാശത്തേക്കെത്തിച്ചിട്ടുണ്ട്. ദൗത്യം പൂർത്തിയാക്കാൻ ആവാതെ പല ജീവികളും മരണമടയുകയായിരുന്നു.



# Silent Love

I walk this night alone
Because still my heart
Is in a dark winter
I love to be lonely
But dreams never
Allow me to be
I'm deeply in love
With dreams
And they heart me the most
Dreams gave me
A new friend
And I named it 'Memories'
Sometimes memories
Sneak out of my eyes and
Roll down my cheeks,
And now I know
The winter is on me
Silent Love,
And it hurts me the most.......



# കാലത്തിനൊപ്പം 'ലിറ്റിൽ കൈറ്റ്സ് '

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലമായി സ്കൂളുകളിൽ ഹൈടെക് ക്ലാസ് റൂമുകളും ഐസിടി അധിഷ്ഠിത പഠനവും യാഥാർത്ഥ്യമായിരിക്കുകയാണ്. ഐസിടി പ്രവർത്തനങ്ങളിൽ വിദ്യാർഥികളെക്കൂടി ഉൾപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി 2016 ൽ ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പേരിൽ കുട്ടികളുടെ ഒരു കൂട്ടായ്മ എല്ലാ ഹൈസ്കൂളുകളിലും പ്രവർത്തിച്ചിരുന്നു. എല്ലാ സ്കൂളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കിയതോടെ കൂടുതൽ സാങ്കേതികവിദ്യാ ഉപകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമായി. ഈ ഉപകരണങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും പരിപാലനത്തിനും അധ്യാപകരോടൊപ്പം വിദ്യർത്ഥികളെക്കൂടി ഉൾപ്പെടുത്തുവാനായി സ്കൂളുകളിൽ നിലവിലുണ്ടായിരുന്ന ഐ .റ്റി ക്ലബ്, ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി എന്നിവയെ സംയോജിപ്പിച്ച് കൂടുതൽ വിപുലമായ പ്രവർത്തന പദ്ധതികളോടെ ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി ക്ലബ്ബുകൾ സ്കൂളുകളിൽ പ്രവർത്തനം ആരംഭിച്ചു.



# [illegible]

يا رب إن عظمت ذنوبي كثرة    فلقد علمت بأن عفوك أعظم
أدعوك ربي كما أمرت تضرعاً    فإذا رددت يدي فمن ذا يرحم
إن كان لا يرجوك إلا محسن    فبمن يلوذ و يستجير المجرم
مالي إليك وسيلة إلا الرجا    وجميل عفوك ثم أني مسلم



# എന്റെ ഭൂമി

മാനത്തുണ്ടൊരു അമ്മാവൻ
വെട്ടം നൽകും അമ്മാവൻ
നമ്മുടെ അമ്പിളി അമ്മാവൻ
മിന്നി തിളങ്ങും താരങ്ങൾ
ആയിരമായിരം താരങ്ങൾ
കത്തി ജ്വലിക്കും സൂര്യനും

എന്തൊരു രസമാണ് ആകാശം
നമ്മുടെ മണ്ണും മരങ്ങൾ
നമ്മുടെ തോട്ടം പൂകളും
പാറിനടക്കും പറവകളും
കാട്ടിൽ മേയും മൃഗങ്ങളും
എന്തൊരു രസമാണ് ഈ ഭൂമി
പാടിരസിക്കാം കൂട്ടരെ
ആർത്ത് ചിരിക്കാം കൂട്ടരെ..



# നമ്മുടെ പ്രിയ ബാപ്പുജി

ഇന്ത്യൻ സ്വതന്ത്ര സമര പ്രസ്ഥാനത്തിന്റെ നേതാവും വഴികാട്ടിയും ആയിരുന്ന അദ്ദേഹം. ഇന്ത്യയുടെ രാഷ്ട്രപിതാവ് എന്ന് ഗാന്ധിജി വിശേഷിപ്പിക്കപ്പെടുന്നു. അഹിംസയിലൂന്നിയ സത്യാഗ്രഹം എന്ന സമര സിദ്ധാന്തത്തിലൂടെ ലോകമെമ്പാടും ഗാന്ധിജി ശ്രദ്ധേയനായി. "മഹത്തായ ആത്മാവ്" എന്നർത്ഥം വരുന്ന "മഹാത്മാ ","അച്ഛൻ" എന്നർത്ഥം വരുന്ന "ബാപ്പു" എന്നീ നാമ വിശേഷങ്ങൾ ജന ഹൃദയങ്ങളിൽ അദ്ദേഹത്തിന് ഉള്ള സാന്നിദ്ധ്യം വ്യക്തമാകുന്നു. കേവലം ഒരു രാഷ്ട്രീയ നേതാവ് എന്നതിനേക്കാൾ ദാർശനികനായും ഗാന്ധിജി ലോകമെമ്പാടും അറിയപ്പെടുന്നു. ഏറ്റവും കഠിനമായ പ്രതിസന്ധി ഘട്ടങ്ങളിലും സത്യം, അഹിംസ എന്നീ മൂല്യങ്ങളിൽ അടിയുറച്ച പ്രവർത്തിക്കാനും ഗാന്ധിജി ശ്രദ്ധിച്ചു. ജീവിത കാലം മുഴുവൻ അദ്ദേഹം ഹൈന്ദവ തത്ത്വശാസ്ത്രങ്ങളുടെ പ്രയോക്താവായിരുന്നു. എല്ലാ വിധത്തിലും സ്വയാശ്രയത്വം പുലർത്തിയ ഒരാശ്രമം സ്ഥാപിച്ച് അവിടെ ലളിതജീവിതം നയിച്ചു.



# बादल दानी

बादल दानी
चम चम चमकी बिजली रानी,
उठी गगन में घटा सुहानी,
बादल दानी, बादल दानी,
खूब झमाझम बरसो पानी ।

प्यासी चिडिया, पयासी गैया,
खाली है सब ताल-तलैया,
सूखे घाट पडी है नैया,
हुई मछलियों को हैरानी,
बादल दानी, बादल दानी।



# ഭാഷയുടെ പ്രാധാന്യം




ഭാഷയെന്നത് ഒരു വ്യക്തിയെ മറ്റൊരു വ്യക്തിയിൽ നിന്നും വേർതിരിക്കുന്നു. ഓരോ ഭാഷക്കും അതിന്റേതായ വ്യത്യാസങ്ങളുമുണ്ട്, തനിമയുണ്ട്. നമ്മുടെ മലയാള ഭാഷ സംസ്കൃതത്തിൽ നിന്ന് ഉടലെടുത്തിട്ടുള്ളതാണ്. ഒരു വ്യക്തിയെ സമൂഹത്തിൽ പിടിച്ചു നിർത്തുന്നത് അയാളുടെ ഭാഷയാണ്. മനുഷ്യന്റെ ഓരോ സന്മാർഗങ്ങളും ഭാഷയിൽ ഉതങ്ങുന്നതാണ്. നമ്മുടെ വികാരങ്ങൾ, വികാരങ്ങൾ, ചിന്തകൾ, ആശയങ്ങൾ മുതലായവ പ്രകടിപ്പിക്കുന്നതിന് ആശയവിനിമയത്തിന്റെ ആവശ്യകതയുണ്ട്. അങ്ങനെ, ഞങ്ങൾ അതുല്യമായ ശബ്ദങ്ങൾ ഉണ്ടാക്കുകയും ആശയവിനിമയം നടത്തുമ്പോൾ മറ്റൊരാൾ മനസ്സിലാക്കുന്ന ഒരു ഭാഷ ഉപയോഗിക്കുകയും ചെയ്യുന്നു. അതിനെ ഭാഷ എന്ന് വിളിക്കുന്നു.

# ഇവർ പറയുന്നു...

ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതാണ് യഥാർത്ഥ സ്വപ്നം.

-ഡോ. എ പി ജെ അബ്ദുൽ കലാം

മതമേതായാലും കൊള്ളാം മനുഷ്യൻ നന്നായാൽ മതി.

-ശ്രീ നാരായണ ഗുരു


സുന്ദരമായ വധുവിനെപ്പോലെയാണ് ഭൂമി, അവളുടെ സൗന്ദര്യം ഉയർത്താൻ മനുഷ്യനിർമ്മിത ആഭരണങ്ങൾ ആവശ്യമില്ല."

-ഖലീൽ ജിബ്രാൻ

മുട്ടായിക്ക് ബുദ്ധി വെച്ചാൽ ബുദ്ധിമുട്ടായി. മത്തായിക്ക് ശക്തി വെച്ചാൽ ശക്തിമത്തായി. ഓർക്കേണ്ടത് മറക്കരുത് മറക്കേണ്ടത് ഓർക്കരുത്.

-കുഞ്ഞുണ്ണി മാഷ്









# ലിറ്റിൽ കൈറ്റ്സ്
# സ്വതന്ത്ര വിജ്ഞാനോത്സവം



# प्रेम की परिभाषा

प्रेम नहीं है कोई
एक ऐसा बाज़ार, जहाँ भावनाओं का मोल लगे
प्रेम नहीं है कोई
एक ऐसा रिवाज़, जिसमें मन केवल पीड़ित रहे
प्रेम नहीं है कोई
ऐसी आशा जो जन्म देती हो निराशाओं को
प्रेम तो है वो अविरल धारा
जो पवित्र कर दे अभिलाषाओं को...



# KIDNEY & HEART

